# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ:278

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈക്കാരും, സഭാ പ്രതിനിധിമണ്ഡലാംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

മാർത്തോമ്മാ സഭയുടെ കൗൺസിൽ 2017 ജനുവരി 24–ാം തീയതി കൂടി എപ്പിസ്കോപ്പാ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി സഭാ പ്രതിനിധി മണ്ഡലം 2017 മാർച്ച് 28, 29 (ചൊവ്വ, ബുധൻ) എന്നീ ദിവസങ്ങളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഓഡിറ്റോറിയത്തിൽ കൂടുന്നതിന് തീരുമാനിച്ചു. ഈ വിവരം സഭാ സെക്രട്ടറിയുടെ അറിയിപ്പിൽകൂടെ നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഭരണഘടന 22–ാം വകുപ്പിൻപ്രകാരം എപ്പിസ്കോപ്പൽ സിനഡ് നടപടിക്രമം രൂപീകരിച്ച് അറിയിക്കുന്നതാണ്.

എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പ് സഭയുടെ അതിഗൗരവമായ ഒരു ചുമതലയും ഭയഭക്തിപൂർവ്വം ചെയ്യപ്പെടേണ്ടതും ആയ ഒരു ശുശ്രൂഷയാണല്ലോ. മണ്ഡലയോഗത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനും ദൈവഹിതപ്രകാരം തക്ക ആളുകളെ തെരഞ്ഞെടുക്കുന്നതിനും ആവശ്യമായ ദൈവീകദർശനവും കൃപയും ചുമതലപ്പെട്ടവർക്ക് ലഭിക്കുന്നതിന് ഏവരും ആത്മാർത്ഥമായി പ്രാർത്ഥിക്കണം.

മേൽപ്പറഞ്ഞ സഭാ പ്രതിനിധി മണ്ഡലയോഗത്തിന്റെ ആദ്യദിവസം സഭാ ഭരണഘടന 27–ാം വകുപ്പിൻ പ്രകാരമുള്ള പ്രതിജ്ഞാവാചകം അദ്ധ്യക്ഷൻ ചൊല്ലിക്കൊടുക്കുന്നതാണ്. അപ്പോൾ മണ്ഡലാംഗങ്ങൾ എല്ലാവരും എഴുന്നേറ്റുനിന്ന് ഭയഭക്തിപൂർവ്വം പ്രതിജ്ഞാവാചകം ഏറ്റുചൊല്ലണം. പ്രതിജ്ഞാ വാചകം ചൊല്ലിയശേഷം ഹാജരാകുന്ന യാതൊരംഗത്തിനും ഭരണഘടന 28–ാം വകുപ്പിൻപ്രകാരം സഭാ മണ്ഡലത്തിൽ പ്രവേശിക്കുന്നതിനോ തെരഞ്ഞെടുപ്പിൽ സമ്മതിദാനം രേഖപ്പെടുത്തുന്നതിനോ അവകാശം ഉണ്ടായിരിക്കുന്നതല്ല. അതിനാൽ മണ്ഡലാംഗങ്ങൾ 2017 മാർച്ച് 28–ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 11 മണിക്ക് മുമ്പായി മണ്ഡലയോഗം നടക്കുന്ന ഹാളിൽ പ്രവേശിച്ചിരിക്കണം. അന്നേദിവസം വി. ജി. എം. ഹാളിൽ ക്രമീകരിച്ചിരിക്കുന്ന കൗണ്ടറുകളിൽ നിന്ന് രാവിലെ 8 മണി മുതൽ 10:45 വരെ മണ്ഡലാംഗങ്ങൾക്ക് പ്രവേശന ടിക്കറ്റ് ലഭിക്കുന്നതാണ്. സന്ദർശകർക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ഭരണഘടന 33–ാം വകുപ്പിൻപ്രകാരം നിശ്ചിത ശതമാനം വോട്ടുകൾ സ്ഥാനാർത്ഥികൾക്ക് ലഭിക്കാതിരുന്നാൽ 2017 മാർച്ച് 29–ാം തീയതി ബുധനാഴ്ച്ച ഒരു പ്രാവശ്യം കൂടി വോട്ടെടുപ്പ് നടത്തുന്നതാണ്. 29–ാം തീയതിയിലും മണ്ഡലം മീറ്റിംഗ് കൂടുന്ന പക്ഷം ആ യോഗത്തിലും സംബന്ധിക്കുന്നതിന് മണ്ഡലാംഗങ്ങൾ ഒരുങ്ങിപ്പോരണം. ഇതനുസരിച്ച് യാത്രാക്രമീകരണം നേരത്തെ ചെയ്യണം എന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

2017 ജനുവരി മാസം 24–ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

# FROM THE APOSTOLIC SEE OF MALANKARA
## METROPOLITAN DR. JOSEPH MAR THOMA

Circular No.278

*Blessings of our Lord Jesus Christ be with the Vicars, Office-Bearers of Parishes, Clergy, Mandalam Members and the believers in our Church*

Beloved in the Lord,

The Mar Thoma Sabha Council met on the 24th of January 2017 and decided to hold the Sabha Prathinidhi Mandalam on the 28th and 29th (Tuesday and Wednesday) of March 2017 at the Dr. Alexander Mar Thoma Memorial Auditorium, Tiruvalla, for the Episcopal election. You all might have come to know of this by now through the notification sent by the Sabha Secretary. Details of an appropriate procedure for the conduct of this Mandalam, evolved by the Episcopal Synod as per clause 22 of the Sabha Constitution, shall be sent to you all shortly.

The Episcopal election is one of the most important responsibilities of the Church and a duty to be solemnly performed. All should earnestly pray that those responsible may have the necessary vision and grace to elect suitable persons to the Episcopal office and also for the blessed conduct of the forthcoming Mandalam meetings.

On the first day of the aforesaid Mandalam, the President shall administer the oath as per clause 27 of the Sabha Constitution. At that time all Mandalam members shall repeat the same, standing. No member arriving after the oath taking shall have the right to enter the hall or vote in the election. Therefore, all Mandalam members should enter the hall where the Mandalam is held, before 11 a.m. on March 28, 2017.

Admission tickets will be issued from 8 a.m. – 10.45 a.m. on March 28th from the counters arranged in the V. G. M. Hall. Visitors are not allowed to enter the Auditorium. If the candidates do not get the required percentage of votes during election on the first day, voting shall be conducted once again on March 29th, 2017 as per clause 33 of the Sabha Constitution. Therefore, members should come prepared to participate in the Mandalam on March 29th also, and make your travel arrangements accordingly.

Grace be with you all.

From Poolatheen Tiruvalla, Dated January 24th, 2017

J. mmalabar. 

**Dr. Joseph Mar Thoma Metropolitan**